# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – പൊതുമരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ നിരക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

സ.ഉ.(എം.എസ്) നം. 122/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 28–04–2008

---

പരാമർശം :– 1. സ.ഉ.(എം.എസ്) നം.289/07/തസ്വഭവ; തീയതി 22.12.2007
2. സ.ഉ.(എം.എസ്) നം. 1/08/തസ്വഭവ: തീയതി 01.01.2008
3. സ.ഉ.(എം.എസ്) നം.14/2008/തസ്വഭവ; തീയതി 15.01.2008
4. സർക്കുലർ നം. 4652/ഡി.എ1/2008/തസ്വഭവ; തീയതി 21.01.2008
5. സ.ഉ.(സാധാ) നം. 527/08/പി.ഡബ്ല്യൂ.ഡി. തീയതി; 17.04.2008

## ഉത്തരവ്

2007–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിലയും പൊതുവിപണിയിലെ യഥാർത്ഥവിലയും തമ്മിൽ വളരെ വ്യത്യാസമുള്ളതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക്, പുതിയ ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതുവരെ, ചില നിബന്ധനകൾക്ക് വിധേയമായി വിപണി നിരക്ക് (market rate) അനുവദിക്കുന്നതിന് പരാമർശം ഒന്നു മുതൽ മൂന്നുവരെയുള്ള ഉത്തരവുകൾ മുഖേനയും പരാമർശം നാലിലെ സർക്കുലർ മുഖേനയും അനുമതി നൽകിയിരുന്നു. പരാമർശം അഞ്ചിലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് സിവിൽ വർക്കുകളുടെയും ഇലക്ട്രിക്കൽ വർക്കുകളുടെയും ഷെഡ്യൂൾ നിരക്കുകൾ പരിഷ്കരിച്ച് 01.04.2008 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച 2008–ലെ ഷെഡ്യൂൾ നിരക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ സിവിൽ വർക്കുകൾക്കും ഇലക്ട്രിക്കൽ വർക്കുകൾക്കും 01.04.2008 മുതൽ ബാധകമാക്കി സർക്കാർ ഉത്തരവാകുന്നു. പുതിയ ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് വിപണി നിരക്ക് അനുവദിക്കുന്നതിന് പരാമർശം ഒന്നു മുതൽ മൂന്നുവരെയുള്ള ഉത്തരവുകളും പരാമർശം നാലിലെ സർക്കുലറും മുഖേന പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ 01.04.2008 മുതൽ റദ്ദു ചെയ്തുകൊണ്ടും സർക്കാർ ഉത്തരവാകുന്നു. 2007–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ടെണ്ടർ അംഗീകരിച്ച് ഇതിനകം കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾക്ക് ഈ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ബാധകമല്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ 2007–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് ഈ ഉത്തരവിന്റെ തീയതിക്കകം അംഗീകാര നടപടികൾ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് പരാമർശം ഒന്ന് മുതൽ നാല് വരെയുള്ള നിർദ്ദേശങ്ങൾ പ്രകാരമുള്ള അധിക തുക നൽകാവുന്നതാണ്. ഈ രീതിയിൽ അധികം നൽകുന്ന തുക 2008, 2007 എന്നീ രണ്ട് വർഷങ്ങളിലെയും ഷെഡ്യൂൾ നിരക്കുകൾ അനുസരിച്ചു തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തമ്മിലുള്ള വ്യത്യാസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും

7. എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറിമാർ)
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. ചീഫ് എഞ്ചിനിയർ തദ്ദേശസ്വയംഭരണ വകുപ്പ്
13. എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
19. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
20. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
21. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
22. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
23. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
24. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
25. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
26. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
27. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശസ്വയംഭരണവുക്പ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ